പി. എസ്. സി. പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് അദ്ധ്യാപക റാങ്ക് ലിസ്റ്റിൽ നിന്നും യഥാസമയം നിയമനം നടക്കാത്തതിനാൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവേപ്പെടുന്ന ബുദ്ധിമുട്ടുകൾ

32 [1544] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പി. എസ്. സി. പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് അദ്ധ്യാപക റാങ്ക് ലിസ്റ്റിൽനിന്നും യഥാസമയം നിയമനം നടക്കാത്തതിനാൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവേപ്പെടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൊത്തം തസ്തികകളുടെ എത്ര ശതമാനമാണ് പി. എസ്. സി. മുഖാന്തിരം നിയമനം നടത്താനുള്ളത്?

ഉത്തരം

(എ) പി. എസ്. സി. ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റിൽനിന്നും ഭൂരിഭാഗം നിയമനവും നടത്തിക്കഴിഞ്ഞു. ബാക്കിയുള്ള നിയമനവും നിശ്ചിത സമയപരിധിക്കുള്ളിൽ നടത്തുന്നതാണ്. അദ്ധ്യാപകരുടെ കുറവുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ തടസ്സം കൂടാതെ നടത്തുന്നുണ്ട്.

(ബി) മൊത്തം ഒഴിവുകളുടെ 75%.

സർക്കാർ + 2 സ്കൂളുകളിൽ അധിക ബാച്ച്

33 [1545] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

പ്ലസ്ടു അനുവദിച്ച സർക്കാർ സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

എസ്. എസ്. എൽ. സി. പാസായ കുട്ടികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ പ്ലസ്ടു കോഴ്സിന് സീറ്റുകൾ കുറവായ മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ അധിക ബാച്ച് അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്.

കോഴിക്കോട് സിറ്റിയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറി സൗകര്യം

34 [1546] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റിയിലെ ഗവൺമെന്റ് നടക്കാവ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, ഗവൺമെന്റ് ആഴ്ചവട്ടം ഹയർ സെക്കണ്ടറി സ്കൂൾ, ഗവൺമെന്റ് ഈസ്റ്റ്ഹിൽ ഹയർ സെക്കണ്ടറി സ്കൂൾ,

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് പറയഞ്ചേരി വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ സ്ഥാപനങ്ങൾക്ക് ആവശ്യമായ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളുകളിലേക്ക് ഇതിനകം എത്ര കമ്പ്യൂട്ടറുകളും എന്തെല്ലാം ലബോറട്ടറി ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുവരെ ഇവയൊന്നും ലഭ്യമാക്കിയിട്ടില്ലെങ്കിൽ ആയവ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആൻറ് സി) നടക്കാവ് ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളിലേക്ക് 4 കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട്. ടി സ്കൂളിൽ വിവിധ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിന് ഇതുവരെ 3,65,900 രൂപ അനുവദിച്ചിട്ടുണ്ട്. ഗവൺമെൻറ് ഈസ്റ്റ്ഹിൽ ഹയർ സെക്കണ്ടറി സ്കൂളിൽ ആവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ നേരത്തെത്തന്നെ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 55,000 രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ഈസ്റ്റ്ഹിൽ സ്കൂളിൽ കമ്പ്യൂട്ടർ കോഴ്സുകൾ അനുവദിച്ചിട്ടില്ല. പറയഞ്ചേരി ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിച്ചിട്ടില്ല. ഗവൺമെൻറ് ആഴ്ചവട്ടം ഹയർ സെക്കണ്ടറി സ്കൂളിൽ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിന് 20,000 രൂപ 2004-2005 വർഷം അനുവദിച്ചിരുന്നു. ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ തുടർന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതാണ്.

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തിക മാറ്റം വഴി നിയമനം നടത്തുന്നതിനുള്ള മാനദണ്ഡം

35 [1549] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തിക മാറ്റം വഴി നിയമനം നടത്തുന്നത് മൊത്തം ഒഴിവിൻെറ എത്ര ശതമാനമാണ്;

(ബി) ഇങ്ങനെ നിയമനം നടത്തുന്നതിനായി നിലവിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ അടങ്ങുന്ന ലിസ്റ്റാണെന്ന് വിഷയം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇംഗ്ലീഷ് വിഷയത്തിൽ നിയമനത്തിനായി തയ്യാറാക്കിയ ലിസ്റ്റിൻെറ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; നിലവിൽ തയ്യാറാക്കിയ ലിസ്റ്റിൻെറ കാലാവധി എന്ന് അവസാനിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച് ലിസ്റ്റിലുള്ളവരുടെ സീനിയോറിറ്റി കണക്കാക്കുന്നതിന് മൊത്തം സർവ്വീസ് ബാധകമല്ലാതാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly